IVO-5/38/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ. സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

പാറയിൽ സിറാജ്
ഹസീന മൻസിൽ
കീഴൂർ.പി.ഒ
ഇരിട്ടി.

സർ,

വിഷയം:: ഇരിട്ടി നഗരസഭയിൽ നിന്നും പെർമിറ്റ് അനുവദിക്കാത്തത് – സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ 0564

..................................

കീഴൂർ വില്ലേജിൽ റി.സർവ്വെ നം. 121/2 ൽ പ്പെട്ട 5.46 ആർ സ്ഥലത്ത് 615.21 M കൊമേഷ്യൽ കെട്ടിടം നിർമ്മിക്കാൻ ഇരിട്ടി നഗരസഭാ സെക്രട്ടറി ബി.എ 138/17 തീയ്യതി: 15/07/2017 പ്രകാരം പാറയിൽ സിറാജ് മുതൽ പേർക്ക് പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം ആരംഭിച്ച് ഫില്ലറുകൾ സ്ഥാപിച്ചതിന് ശേഷം ഏതാണ്ട് പൂർത്തീകരിച്ച കെട്ടിടത്തിലേക്ക് കാണിച്ചിരിക്കുന്ന ആക്സസ് മറ്റൊരു വ്യക്തിയുടെ സ്ഥലമാണെന്നും പ്രവേശനത്തിന് സമ്മതപത്രം മാത്രമാണ് ഹാജരാക്കിയത് എന്നും ആയത് സ്വീകാര്യമല്ല എന്നും പെർമിറ്റ് റദ്ദാക്കുന്നതിന് പെർമിറ്റിന്റെ ഒറിജിനൽ ഹാജരാക്കണമെന്നും നഗരസഭാ സെക്രട്ടറി സിറാജിന് കത്തയച്ചു. ഒറിജിനൽ പെർമിറ്റ് ഹാജരാക്കാത്തതിനാൽ 14/11/2019 ന് ബി.എ 138/17 തീയ്യതി: 05/07/2017 ലെ സിറാജ് മുതൽ പേർക്ക് അനുവദിച്ചിരുന്ന പെർമിറ്റ് റദ്ദ് ചെയ്തു.

പിന്നീട് 10/05/2018 ലെ 1939 ആധാര പ്രകാരം കെട്ടിടത്തിലേക്ക് എക്സസ് ആയി കാണിച്ചിരുന്ന സ്ഥലം സിറാജ് മുതൽപേർ ലഭിച്ചതിന് ശേഷം ബിഎ 463/20 തീയ്യതി 24/02/2021 കീഴൂർ വില്ലേജ റി.സ.നം.121/131, 122/133, 121/180 ൽപ്പെട്ട 6.47 ആർ സ്ഥലത്ത് 1044.98 M കൊമേഷ്യൽ കെട്ടിടം നിർമ്മിക്കാൻ സിറാജ് മുതൽ പേർ അപേക്ഷ നൽകി. അപേക്ഷയിൽ ഉണ്ടായിരുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകിയത് പ്രകാരം FR1/13/ITY 5792/2021 SITE തീയ്യതി 13/12/2021 1044.98 M തറ

വിസ്തീർണ്ണമുള്ളതും 7.93 മീറ്റർ Height ആവശ്യമായ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളതാണ്. അപേക്ഷയിലെ പല ന്യൂനതകളും പരിഹരിച്ചുവെങ്കിലും സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്നത് മുനിസിപ്പൽ റോഡിന്റെ വീതി 90 സെ.മീ പ്രകാരമാണ്. എന്നാൽ മുനിസിപ്പൽ ആസ്തി രജിസ്റ്റർ പ്രകാരം ടി റോഡിന്റെ വീതി 3 മീറ്റർ ആണ്. റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഇരിട്ടി താലൂക്ക് സർവ്വെയർക്ക് 24/02/2022 ന് ബി.എ 463/21 നമ്പർ പ്രകാരം മുനിസിപ്പൽ എ.ഇ കത്ത് നൽകി. സ്ഥല പരിശോധന നടത്തിയ ഇരിട്ടി താലൂക്ക് സർവ്വെയർ - ഫീൽഡ് പരിശോധിച്ചതിൽ അപേക്ഷക കൈവശം വച്ചിരിക്കുന്ന റിസ. 121/2 ൽപ്പെട്ട സ്ഥലം പ്രത്യേക സബ്ഡിവിഷൻ ചെയ്തിട്ടില്ല എന്നും കൂടാതെ ടിയാളുടെ തെക്ക്ഭാഗം 3 അടി വീതിയിൽ എന്ന് രേഖപ്പെടുത്തിയത് റവന്യൂ റെക്കോർഡ് പ്രകാരം പുറംമ്പോക്കായി സബ്ഡിവിഷൻ ചെയ്തിട്ടില്ല എന്നും റോഡതിർത്തിയായി കാണിച്ച് കൊടുക്കാൻ സാധിക്കില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ വ്യക്തത വരുത്തുന്നതിനായി ജില്ലാ ടൗൺ പ്ലാനർക്ക് അപേക്ഷ നൽകി. ആയതിന് ജില്ലാ ടൗൺ പ്ലാനർ ടിസിപികെഎൻആർ/372/2023-സി തീയ്യതി: 25/05/2023 പ്രകാരം നഗരസഭാ ആസ്തി രജിസ്റ്റർ സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് സെക്രട്ടറി തന്നെയാണെന്നും KMBR 2019ചട്ടം 23(2) distance between plot boundary abutting the street and building എന്നതിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതുമാണ്. ചട്ടം 9(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖകൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയത് സംശയമുള്ള പക്ഷം KMBR 2019 ചട്ടം 109 പ്രകാരം ചട്ടങ്ങൾ സംബന്ധിച്ച് സംശയങ്ങൾ ദൂരീകരിക്കുന്നതിനുള്ള ചട്ട പ്രകാരം സർക്കാറിൽ നിന്നും സ്പഷ്ടീകരണം വാങ്ങാവുന്നതാണ് എന്ന വിശദീകരണം ജില്ലാ ടൗൺ പ്ലാനർക്ക് നൽകിയതായി കാണുന്നു.

എന്നാൽ സർക്കാറിൽ നിന്നും സ്പഷ്ടീകരണത്തിനായി നഗരസഭാ സെക്രട്ടറി അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല.

31/05/2023ലെ നഗരസഭാ കൗൺസിൽ 24 നമ്പർ തീരുമാന പ്രകാരം ടി വിഷയത്തിൽ സബ്കമ്മിറ്റി രൂപീകരിച്ചു. മുനിസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്റർ 2 ൽ ക്രമ നം.100 ൽ ഇരിട്ടി മൃഗാശുപത്രി ടി.സി. റോഡ് എന്ന പേരിൽ ടി.സി. പഴയപാലം റോഡ് എന്ന പോയിന്റിൽ നിന്ന് ആരംഭിച്ച് ടി.സി. റോഡ് എന്ന സ്ഥലത്ത് അവസാനിക്കുന്ന വില്ലേജ് റോഡിന്റെ നീളം 0.0150 വീതി 3.മീറ്റർ ഡ്രൈനേജ് ചാനൽ ലങ്ങ്ത് 180 മീറ്റർ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. റോഡ് നിർമ്മിച്ച വർഷവും റോഡിന് വേണ്ടി എന്തെങ്കിലും മെയിന്റനൻസ് പ്രവൃത്തി നടത്തിയതായോ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇരിട്ടി വളവ്പാറ റോഡിനോട് ചേർന്ന് കാലപഴക്കം ചെന്ന നിരകെട്ടിടങ്ങളുടെ ഇടയിൽ കൂടി പ്രവേശിച്ച് പുതിയ ബസ് സ്റ്റാന്റിൽ എത്തുന്ന നടവഴിയാണ് ആസ്തി

രജിസ്റ്ററിൽ പരാമർശിക്കുന്ന ടി റോഡ് , ടി നടവഴിയുടെ ആരംഭത്തിൽ നിരകെട്ടിടങ്ങളുടെ ഇടയിൽ 1 മീറ്റർ താഴെയാണ് നടവഴിയുടെ വീതി എന്ന് സ്ഥല പരിശോധനയിൽ കാണുന്നു. ആസ്തി രജിസ്റ്റർ പ്രകാരം 3 മീറ്റർ എന്ന് കാണുന്ന പ്രസ്തുത നടവഴിയുടെ വീതി എത്രയാണെന്ന് തിട്ടപ്പെടുത്താൻ നഗരസഭ എഞ്ചിനീയർക്ക് പ്രയാസം ഉള്ളതിനാൽ ടൗൺ പ്ലാനറുടെ. നിർദ്ദേശ പ്രകാരം വിഷയത്തിൽ സ്പഷ്ടീകരണത്തിന് സർക്കാറിലേക്ക് അപേക്ഷ നൽകിയതായി കാണുന്നില്ല. സിറാജ് മുതൽ പേരുടെ പ്ലോട്ടിന്റെ സ്കെച്ച് തയ്യാറാക്കി നൽകാൻ തഹസിൽദാർക്ക് അപേക്ഷ നൽകിയതായും കാണുന്നില്ല. ടി സാഹചര്യത്തിൽ അപേക്ഷ ജില്ലാ തല സമിതിയുടെ തീരുമാനത്തിന് വേണ്ടി എസ്കലേറ്റ് ചെയ്യുന്നു.

വിശ്വസ്തതയോടെ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

കണ്ണൂർ
13/01/2024